**പ്രസിദ്ധീകരണത്തിന്**

ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച് സുപ്രീംകോടതിവിധി നടപ്പാക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാനസർക്കാർ. പക്ഷേ, വിശ്വാസിസമൂഹത്തിന്റെ ഇത്രയും ശക്തമായ എതിർപ്പുണ്ടാകുമെന്ന് അവർ ഒരിക്കലും പ്രതീക്ഷിച്ചുകാണില്ല. വിധി നടപ്പാക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ ഫലപ്രദമാകാതെ വന്നപ്പോൾ അതിനെല്ലാം കാരണം സവർണരുടെ ആധിപത്യം ആണെന്നു വരുത്തിത്തീർത്ത് ജാതീയമായി ചേരിതിരിക്കാനുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർവകക്ഷിയോഗം വിളിച്ച് സർക്കാരിന്റെ തീരുമാനം അടിച്ചേല്പിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു. ഒടുവിൽ, നവോത്ഥാനത്തിന്റെ പേരിൽ സംഘടനകളുടെ യോഗം വിളിച്ചുചേർത്തു. അതുവഴി ഇനിയും പ്രതിരോധം സൃഷ്ടിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

നവോത്ഥാനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ മഹാരഥന്മാരെല്ലാം മൺമറഞ്ഞുപോയി. യഥാർത്ഥത്തിൽ ആ നവോത്ഥാനപ്രവർത്തനങ്ങൾമൂലമാണ് ജാതിയുടെയും മതത്തിന്റെയും പേരിലുള്ള ഉച്ചനീചത്വങ്ങളും അനാചാരങ്ങളും ദുരാചരങ്ങളും നമ്മുടെ നാട്ടിൽനിന്നും തൂത്തെറിയപ്പെട്ടത്. അങ്ങനെയിരിക്കെ, ഇപ്പോൾ സവർണനെന്നും അവർണനെന്നും ചേരിതിരിക്കുന്നത് ജാതീയമായ വിഭാഗീയത സൃഷ്ടിക്കാനേ ഉപകരിക്കൂ. അതുവഴി ശബരിമലവിഷയത്തിന് പരിഹാരം കാണാമെന്നുള്ള സർക്കാർനീക്കം രാഷ്ട്രീയലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണെന്ന് ആർക്കും മനസിലാകും. ഒരു ജനാധിപത്യസർക്കാർ ഒരിക്കലും സ്വീകരിക്കാൻ പാടില്ലാത്ത നടപടിയാണ് ഇത്.

നവോത്ഥാനവും ശബരിമലയിലെ യുവതീപ്രവേശനവുമായി എന്തു ബന്ധമാനുള്ളത്? അനാചാരങ്ങളും ദുരാചാരങ്ങളും ഉച്ചനീചത്വങ്ങളുമാണ് നവോത്ഥാനപ്രവർത്തങ്ങളിലൂടെ നമ്മുടെ നാട്ടിൽ പരിഹരിക്കപ്പെട്ടിട്ടുള്ളത്. ആചാരാനുഷ്ഠാനങ്ങളുടെയും ഈശ്വരവിശ്വാസത്തിന്റെയും പ്രശ്നമാണ് ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ടു നില്ക്കുന്നത്. നവോത്ഥാനപ്രവർത്തനങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. ഈ വസ്തുത തിരിച്ചറിഞ്ഞ്, കേസ് ഉത്ഭവിച്ചപ്പോൾതന്നെ ആ വക കാര്യങ്ങൾ കോടതിയെ ബോദ്ധ്യപ്പെടുത്തി വിശ്വാസികളുടെ വിശ്വാസം സംരക്ഷിക്കാൻ സർക്കാർ തയ്യാറാകാതെ, അതിന് അനുകൂല സത്യവാങ്മൂലം നല്കിയ തിരുവിതാംകൂർ ദേവസ്വം ബോർഡിനെപോലും ബന്ദിയാക്കിനിർത്തി, ചോദിച്ചുവാങ്ങിയ ഈ വിധിയിലൂടെ നിരീശ്വരവാദം നടപ്പാക്കാനുള്ള സർക്കാർശ്രമത്തിന്റെ ഭാഗമാണ് നവോത്ഥാനത്തിന്റെ പേരിൽ നടത്തിയ ഈ സംഗമവും എന്നു പറഞ്ഞാൽ തെറ്റുണ്ടോ?

സർക്കാർ എത്രതന്നെ ശ്രമിച്ചാലും, ഈശ്വരവിശ്വാസികൾക്കിടയിൽ സവർണ്ണ-അവർണ്ണ ചേരിതിരിവോ ജാതിസ്പർദ്ധയോ സൃഷ്ടിച്ച് ശബരിമലവിഷയത്തിൽ രാഷ്ട്രീയനേട്ടം ഉണ്ടാക്കാമെന്നു കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റി എന്നു പറയാതെവയ്യ.

പെരുന്ന
2.12.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി